**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1729**

**10.03.2020 ൽ മറുപടിക്ക്**

## പോലീസിൽ സന്ദേശം കൈമാറുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസിൽ അതിവേഗം സന്ദേശം കൈമാറുന്നതിനുള്ള കമ്മ്യൂണിക്കേഷൻ ബാക്ക് ബോൺ സിസ്റ്റം നിലവിലുണ്ടോ; | എ) നിലവിലുണ്ട്. |
| ബി) സംസ്ഥാനത്ത് നിലവിൽ എത്ര സി.ഒ.ബി. യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത യൂണിറ്റുകൾക്കായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയുടേതെന്ന് അറിയിക്കാമോ; | ബി) സംസ്ഥാനത്ത് 36 CoB Nodes പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ നവീകരണത്തിനായി 39 കംപ്യൂട്ടറുകൾ, 32 ഫോട്ടോകോപ്പിയർ A3 എൻട്രി ലെവലും 7 ഫോട്ടോകോപ്പിയർ A3 മീഡിയം ലെവലും 39 യു.പി.എസും കഴിഞ്ഞ വർഷം വാങ്ങിയിട്ടുണ്ട്. ആയതിന് 42,97,050/- രൂപ ചെലവായിട്ടുണ്ട്. |
| സി) പ്രസ്തുത സി.ഒ.ബി. നിർത്തലാക്കി പോലീസിന്റെ കമ്പ്യൂട്ടർ അധിഷ്ഠിത ഐ എ പി എസ് ലൂടെ സന്ദേശങ്ങൾ നൽകുവാൻ തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | സി) ഘട്ടംഘട്ടമായി സി.ഒ.ബി.യിൽ നിന്നും iAPS സംവിധാനത്തിലേക്ക് മാറുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലൂടെ ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ജോലിഭാരം ലഘൂകരിക്കുവാൻ സാധിക്കും. ഇതിനുപുറമേ CoB യുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങൾ പോലീസിന്റെ തന്നെ മറ്റ് സംവിധാനങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ